**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 29, വ്യാഴം

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത് വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി**

**റവന്യൂ വകുപ്പ് മന്ത്രി**

**വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി**

**<u>കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്റ്റ്</u>**

***241 ശ്രീ. ബി. ബി. ഗോപകുമാർ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ലോക ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിയ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്റ്റിന്റെ(കെ.എസ്.ടി.പി.) ഭാഗമായ എം.സി. റോഡ് വികസനവുമായി ബന്ധപ്പെട്ട കരാർ കമ്പനിയുടെ പ്രോജക്റ്റ് മാനേജരുടെ ആത്മഹത്യയും അതിന് ആസ്പദമായ കൈക്കൂലി-ഉദ്യോഗസ്ഥ പീഡന ആരോപണങ്ങളും സംബന്ധിച്ച് പുതിയ പ്രാഥമിക അന്വേഷണം നടത്തിയ വിജിലൻസ് റിപ്പോർട്ടുകൾ ലഭ്യമാണോ; വിശദമാക്കാമോ;

**(ബി)** 2006 കാലയളവിൽ ഉയർന്ന പ്രസ്തുത ഗുരുതര അഴിമതി ആരോപണത്തിന്മേൽ അന്നത്തെ വിജിലൻസ് അന്വേഷണം പൂർത്തിയാക്കാതെയാണ് ഫയലുകൾ ഒതുക്കി തീർത്തത് എന്ന പരാതി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻകാല അന്വേഷണ ഫയലുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) വൻകിട അടിസ്ഥാനത്തിലുള്ള സ്വകാര്യ വികസന പദ്ധതികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും വിദേശ/ആഭ്യന്തര കരാർ കമ്പനികളുടെയും ഉദ്യോഗസ്ഥരുടെയും സാമ്പത്തിക ചൂഷണത്തിന് വിധേയമാകുന്നത് തടയുന്നതിനും പ്രസ്തുത കേസിൽ അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ഭൂമിയുടെ അമിതമായ ന്യായവില

*242 **ശ്രീ. കെ. ബിനിമോൻ**

**ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിതമായ ന്യായവില (ഫെയർ വാല്യൂ) നിശ്ചയിച്ചിട്ടുള്ള ഭൂമികളുടെ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അമിതമായ ന്യായവില നിശ്ചയിച്ചിട്ടുള്ള ഭൂമികൾ കണ്ടെത്തുന്നതിനും അവയുടെ ന്യായവില പുനഃപരിശോധിക്കുന്നതിനും നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) ഇത്തരം ഭൂമികളുടെ പരിശോധനയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകളും പരാതികളും പരിശോധിച്ച് തീർപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ന്യായവില നിർണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും അർഹരായ ഭൂവുടമകൾക്ക് ന്യായമായ പരിഹാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പരിശോധന പൂർത്തിയാക്കി അർഹതയുള്ള കേസുകളിൽ ഭൂമിയുടെ ന്യായവില പുനർനിർണയിക്കുന്നതിനും നടപടികൾ

വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>കിഫ്ബി ധനസഹായത്തോടെയുള്ള പൊതുമരാമത്ത് റോഡ് പദ്ധതികൾ</u>

***243 ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. സജി ചെറിയാൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കിഫ്ബി അവലോകന സമിതിയുടെ ശിപാർശകൾ പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന പദ്ധതികളെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

**(ബി)** പൊതുമരാമത്ത് വകുപ്പ് കിഫ്ബി ധനസഹായത്തോടെ നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന റോഡുകൾ, പാലങ്ങൾ, ഫ്ലൈ ഓവറുകൾ, ബൈപ്പാസുകൾ തുടങ്ങിയ വൻകിട പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് ഫണ്ട് ലഭിക്കാതെ പണികൾ പാതിവഴിയിൽ മുടങ്ങാൻ ഈ ശിപാർശകൾ ഇടയാക്കുമോയെന്ന് വ്യക്തമാക്കാമോ;

**(സി)** കിഫ്ബി വഴിയല്ലാതെ നിലവിലെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള തുക സംസ്ഥാന ബജറ്റിൽ നിന്ന് കണ്ടെത്താൻ ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക പരിമിതികൾ മൂലം പൊതുമരാമത്ത് വികസന പ്രവർത്തനങ്ങൾ വൻതോതിൽ വെട്ടിച്ചുരുക്കേണ്ടി വരുമോ;

**(ഡി)** കിഫ്ബി വഴിയുള്ള ഫണ്ട് ലഭ്യത അവസാനിക്കുമ്പോൾ വിഴിഞ്ഞം ഔട്ടർ റിംഗ് റോഡ്, മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങിയ ദീർഘകാല തന്ത്രപ്രധാന പൊതുമരാമത്ത് പദ്ധതികൾക്കായുള്ള തുക കണ്ടെത്താൻ എന്ത് മാർഗ്ഗമാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>ഭൂമി ഏറ്റെടുക്കൽ നടപടിക്രമം</u>

***244 ശ്രീ. കെ. കെ. രാമചന്ദ്രൻ**
**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. വി. സുമേഷ്**

**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കിഫ്ബി ധനസഹായത്തോടെ കണ്ണൂരിൽ വ്യവസായ പാർക്കുകൾക്കും കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിക്കും വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് കേന്ദ്ര സർക്കാരിന്റെ ഭൂമിയേറ്റെടുക്കൽ നിയമം (LARR Act) നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണോ എന്ന് വ്യക്തമാക്കാമോ;

**(ബി)** പ്രസ്തുത നിയമപ്രകാരം കണ്ണൂരിൽ വ്യവസായ പാർക്കുകൾക്കും കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിക്കും വേണ്ടിയുള്ള ഭൂമിയുടെ വില നിശ്ചയിക്കുന്ന അധികാരികൾ, നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കാമോ;

**(സി)** 2013-ലെ പ്രസ്തുത നിയമപ്രകാരം ഭൂമിയുടെ യഥാർത്ഥ വിപണിവിലയ്ക്ക് പുറമെ 100 ശതമാനം സോളാഷ്യവും (Solatium) മറ്റ് ആനുകൂല്യങ്ങളും നൽകാൻ സംസ്ഥാന സർക്കാർ നിയമപരമായി ബാധ്യസ്ഥരാണെന്നിരിക്കെ കർഷകർക്ക് ലഭിക്കുന്ന അർഹമായ ഈ നഷ്ടപരിഹാരത്തെ അഴിമതിയായി ചിത്രീകരിക്കുന്നത് കേരളത്തിന്റെ വികസനത്തെ തകർക്കാനുള്ള ഗൂഢാലോചനയാണെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷിതത്വവും ശുചിത്വവും</u>

***245** **ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂടുതൽ സുരക്ഷിതവും ശുചിത്വമുള്ളതുമാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് പുതിയ പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും പദ്ധതി എന്നു മുതൽ നടപ്പിലാക്കാനാണ് ആലോചിക്കുന്നതെന്നും വ്യക്തമാക്കുമോ;

**(ബി)** പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## വനിതാസൗഹൃദ ടൂറിസം പദ്ധതി

*246 **ശ്രീ. രമേഷ് പിഷാരടി**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് വനിതകൾക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രാനുഭവം ഉറപ്പാക്കുന്നതിനായി വനിതാസൗഹൃദ ടൂറിസം പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കാമോ;

**(ബി)** വനിതകൾക്ക് മാത്രമായുള്ള പ്രത്യേക ടൂറിസം പാക്കേജുകൾ, വനിതാ കൂട്ടായ്മകൾക്കായുള്ള വിനോദയാത്രകൾ, സുരക്ഷിത താമസസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**(സി)** കുടുംബശ്രീ ഉൾപ്പെടെയുള്ള വനിതാ കൂട്ടായ്മകളെയും വനിതാ സംരംഭകരെയും ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് കൂടുതൽ തൊഴിൽ-ഉപജീവന അവസരങ്ങൾ സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## എറൈസ് പദ്ധതി

*247 **ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ എറൈസ് (ARISE) പദ്ധതിയുടെ ഭാഗമായി നൂതന റോബോട്ടിക്സ് ലാബുകൾ സജ്ജമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി റോബോട്ടിക്സ് ലാബുകൾ സജ്ജമാക്കുന്നതിന് സ്കൂളുകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) റോബോട്ടിക്സ് ലാബുകളിൽ വിദ്യാർഥികൾക്ക് ലഭ്യമാകുന്ന ഉപകരണങ്ങൾ, സാങ്കേതിക സൗകര്യങ്ങൾ, പഠനപരിശീലന സംവിധാനങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിദ്യാർഥികളിൽ ശാസ്ത്രാഭിരുചി, സാങ്കേതിക പരിജ്ഞാനം, യന്ത്രനിർമാണശേഷി, കൃത്രിമബുദ്ധി തുടങ്ങിയ മേഖലകളിലെ നൈപുണ്യം വളർത്തുന്നതിന് പ്രസ്തുത പദ്ധതി എപ്രകാരം സഹായകമാകുമെന്ന് വ്യക്തമാക്കാമോ;

(ഇ) പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ, ലാബുകളുടെ പരിപാലനം, അധ്യാപകർക്കുള്ള പരിശീലനം, വിദ്യാർഥികൾക്ക് തുടർച്ചയായ പ്രായോഗിക പഠനാവസരങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>തെയ്യം കോലധാരികൾ നേരിടുന്ന പ്രതിസന്ധികൾ</u>

*248 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ പാരമ്പര്യ അനുഷ്ഠാന കലയായ തെയ്യവുമായി ബന്ധപ്പെട്ട് കോലധാരികൾ നിലവിൽ നേരിടുന്ന സുരക്ഷാപരമായ ഭീഷണികളും സാമ്പത്തിക പ്രതിസന്ധികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അഗ്നിപ്രവേശനം, കനലാട്ടം ഉൾപ്പെടെ അതീവ അപകടസാധ്യതയുള്ള അനുഷ്ഠാനങ്ങൾ നടത്തുന്ന കോലധാരികൾക്ക് നിലവിൽ പ്രത്യേക സുരക്ഷ/ഇൻഷുറൻസ് പരിരക്ഷയോ അടിയന്തര വൈദ്യസഹായ സംവിധാനങ്ങളോ നിലവിലില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കായി പ്രത്യേക സുരക്ഷാ ബോർഡോ ഇൻഷുറൻസ് പദ്ധതിയോ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) തെയ്യം കോലധാരികൾക്ക് നിലവിൽ ക്ഷേമനിധി ബോർഡ് വഴി ലഭിക്കുന്ന പെൻഷൻ തുക വളരെ തുച്ഛമാണെന്ന പരാതി പരിഗണിച്ച്

അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ആയതിനായി നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കോലധാരികൾക്ക് കാവുകൾ, ക്ഷേത്രക്കമ്മിറ്റികൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രതിഫലം വളരെ കുറവാണെന്നതും, തെയ്യക്കാവുകളിലോ പ്രാദേശിക തലത്തിലോ ആവശ്യമായ സംരക്ഷണം ലഭിക്കുന്നില്ലെന്നതും കണക്കിലെടുത്ത് അവർക്ക് മാന്യമായ പ്രതിഫലവും ആവശ്യമായ സാമൂഹിക സംരക്ഷണവും ഉറപ്പാക്കാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

## കിഫ്ബി പദ്ധതിയുടെ കാലതാമസം

*249 **ശ്രീ. വി. ജോയി**

**ശ്രീ. സി. കെ. ഹരീന്ദ്രൻ**

**ശ്രീ. കെ. യു. ജനീഷ് കുമാർ**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കിഫ്ബി പദ്ധതികൾ ഉൾപ്പെടെയുള്ള വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ച് മാസമായി മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ സർക്കാർ സമയബന്ധിതമായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ ഇപ്പോൾ തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെൻഡർ നടപടികൾ ആരംഭിക്കുന്നതിലും പുതിയ റോഡുകൾക്കും പാലങ്ങൾക്കും ഭരണാനുമതി നൽകുന്നതിലും ഈ സർക്കാർ എന്ത് മുന്നേറ്റമാണ് ഉണ്ടാക്കിയതെന്ന് വ്യക്തമാക്കാമോ;

(ഡി) ഭരണമാറ്റത്തിന് ശേഷം പൊതുമരാമത്ത് വകുപ്പ് പുതിയ പദ്ധതികൾ ഒന്നും കൊണ്ടുവന്നിട്ടില്ല എന്ന വിമർശനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ഇ)** ഏതൊക്കെ പദ്ധതികൾക്കാണ് ഇപ്പോൾ ഭരണാനുമതി നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

**റോഡ് നിർമ്മാണത്തിലെ പ്രതിസന്ധി**

***250** **ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീ. പി. പ്രസാദ്**

**ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ദേശീയപാതകൾ ഉൾപ്പെടെയുള്ള റോഡുകളുടെ അറ്റകുറ്റപ്പണികളും പുനർനിർമാണ പ്രവർത്തനങ്ങളും നിശ്ചലമായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** ടാർ വിലയിലെ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് പുതുക്കിയ ആശ്വാസ പാക്കേജ് നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

**(സി)** നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലവർധനവും നിർമ്മാണ മേഖലയുടെ നിശ്ചലാവസ്ഥയ്ക്ക് കാരണമാകുന്ന സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും നിർമാണ വസ്തുക്കൾ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

**(ഡി)** വലിയ അളവിൽ നിർമാണസാമഗ്രികൾ ആവശ്യമായി വരുന്ന വൻകിട പദ്ധതികൾക്ക് വേണ്ടി നിർമ്മാണ വസ്തുക്കൾ ലഭ്യമാകുന്ന രാജ്യങ്ങളിൽ നിന്ന് പാറയും പാറ ഉൽപ്പന്നങ്ങളും കോൺക്രീറ്റ് മിക്സുകളും ഇറക്കുമതി ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വിശദമാക്കുമോ?

**കേരള ടൂറിസം മാർട്ട്**

***251** **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ടൂറിസ്റ്റുകളെയും അന്താരാഷ്ട്ര ബയർമാരെയും കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ടൂറിസം മാർട്ടിന്റെ ഭാഗമായി പുതിയ എന്തൊക്കെ വിപണന തന്ത്രങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തേക്ക് എത്തുന്ന വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം ഉയർത്തുന്നതിന് ടൂറിസം മാർട്ടിന്റെയും മറ്റ് ഔദ്യോഗിക ഇടപെടലുകളുടെയും ഭാഗമായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രത്യേക പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ടൂറിസം മേഖലയ്ക്ക് വ്യവസായ പദവി നൽകുന്നതുമായി ബന്ധപ്പെട്ട സംസ്ഥാന ബജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

## <u>മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ</u>

***252 ശ്രീ. ടി. പി. അഷ്റഫലി**

**ശ്രീ. പി. കെ. ഫിറോസ്**

**ശ്രീ. സി. കെ. കാസിം**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നവർക്കായി പരീക്ഷാ പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നവർക്കായി കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

## <u>ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

***253 ശ്രീ. കെ. പ്രേമൻ**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നിലവിലെ സർക്കാരിന്റെ ആദ്യ നൂറുദിന കർമ്മപരിപാടിയിൽ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട ടൂറിസം പദ്ധതികളിൽ ഭൂരിഭാഗവും മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ചവയാണെന്നുള്ള വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട പുറത്തൂർ പടിഞ്ഞാറേക്കര സൺസെറ്റ് ബീച്ച് പാർക്ക് ടൂറിസം പദ്ധതി പുതിയ സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി വീണ്ടും ഉദ്ഘാടനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

**(സി)** 2021 ഫെബ്രുവരി 15-ന് മുൻ സർക്കാർ രണ്ട് കോടി രൂപ ചെലവിൽ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച് ഡി.ടി.പി.സി-യുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച ഒരു പദ്ധതി നിലവിലെ സർക്കാർ സ്വന്തം നേട്ടമായി ഉയർത്തിക്കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ഡി)** ഈ സർക്കാർ ടൂറിസം മേഖലയിൽ രൂപരേഖ തയ്യാറാക്കി ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

<u>**റിവൈവ് പദ്ധതി**</u>

***254 ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് റിവൈവ് പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

**(ബി)** പ്രസ്തുത പദ്ധതി എല്ലാ എൽ.പി./യു.പി. സ്കൂളുകളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അടിസ്ഥാന ഗണിതം, മലയാളം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ കുട്ടികളുടെ പഠനശേഷിയും ഭാഷാനൈപുണ്യവും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പഠനപ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

**(സി)** പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പഠനപിന്തുണ നൽകുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും പഠനക്കളരികളുടെ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനും നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

**(ഡി)** പ്രസ്തുത പദ്ധതിയിലൂടെ എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിതത്തിലും ഭാഷകളിലും ആവശ്യമായ പഠനശേഷി ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## <u>തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേള</u>

***255 ശ്രീ. സിറിയക് തോമസ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ലോകസിനിമയിലെ മികച്ച ചലച്ചിത്രങ്ങൾ കേരളത്തിലെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തുന്നതിനും ചലച്ചിത്ര ആസ്വാദനവും നിരൂപണവും പ്രോത്സാഹിപ്പിക്കുന്നതിനും മലയാള ചലച്ചിത്ര മേഖലയിലെ നവീന പരീക്ഷണങ്ങൾക്ക് വേദിയൊരുക്കുന്നതിനും തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേള വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** വർഷംതോറും വർധിച്ചുവരുന്ന പ്രേക്ഷക താൽപ്പര്യവും ചലച്ചിത്രമേളയുടെ അന്താരാഷ്ട്ര പ്രാധാന്യവും കണക്കിലെടുത്ത് മേളയ്ക്ക്

അനുയോജ്യമായ സ്ഥിരം വേദി ഒരുക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

**(സി)** തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേളയെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായ ജനകീയ സാംസ്കാരികോത്സവമാക്കി മാറ്റുന്നതിനും അതിന്റെ അന്താരാഷ്ട്ര നിലവാരവും പ്രേക്ഷകപങ്കാളിത്തവും വർധിപ്പിക്കുന്നതിനും ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി സർക്കാർ പ്രത്യേക പ്രചരണ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കേരള സർവ്വകലാശാല, എ.കെ.ജി. സെന്റർ എന്നിവ സ്ഥിതി ചെയ്യുന്ന ഭൂമി അളക്കൽ</u>**

***256 ശ്രീമതി കെ. കെ. രമ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരള സർവ്വകലാശാല, എ.കെ.ജി. സെന്റർ എന്നിവ സ്ഥിതി ചെയ്യുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിർദേശപ്രകാരം റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി ഹൈക്കോടതി നിർദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദേശങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

**(ബി)** പ്രസ്തുത ഭൂമിയുടെ അതിർത്തികൾ, വിസ്തീർണം, ഉടമസ്ഥാവകാശം എന്നിവ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

**(സി)** ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; പരിശോധന പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ഡി)** പരിശോധനയിൽ സർക്കാർ ഭൂമി കൈയേറ്റമോ ഭൂമിയുടെ അതിർത്തി സംബന്ധിച്ച ക്രമക്കേടുകളോ കണ്ടെത്തുന്നപക്ഷം നിയമാനുസൃത

തുടർനടപടികൾ സ്വീകരിക്കുമോ; റോഡ് വികസനത്തിന് വേണ്ടി കേരള സർവ്വകലാശാലയിൽ നിന്ന് എത്ര സെന്റ് ഭൂമിയാണ് ഏറ്റെടുത്തതെന്ന് വിശദമാക്കുമോ?

**ദേശീയപാത 66-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

***257 ശ്രീ. എം. വിജിൻ**
**ശ്രീ. കെ. എൻ. ബാലഗോപാൽ**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ദേശീയപാത 66-ന്റെ നിർമ്മാണ പ്രവർത്തനങ്ങളെ നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും കരാർ കമ്പനികളുടെ മെല്ലെപ്പോക്കും ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** ദേശീയപാത 66-ൽ നിർമ്മാണം നടക്കുന്ന ചില പ്രദേശങ്ങളിൽ മണ്ണിന്റെ ബലക്കുറവും മറ്റു കാരണങ്ങളാലും റോഡ് തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള ആശങ്ക ദേശീയപാത അതോറിറ്റിയെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** ദേശീയപാത വികസനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തുന്ന ഇടപെടലുകൾ വ്യക്തമാക്കാമോ?

**ലൈഫ് എക്സ്പീരിയൻസ് ടെയിൽസ് കേരള പദ്ധതി**

***258 ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല**
**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരളത്തിലെ ഗ്രാമീണ ജീവിതരീതികൾ, പരമ്പരാഗത തൊഴിൽമേഖലകൾ, കാർഷിക സംസ്കാരം, തനത് ഭക്ഷണരീതികൾ, കലകൾ, കരകൗശലവിദ്യകൾ എന്നിവ വിനോദസഞ്ചാരികൾക്ക് നേരിട്ട് അനുഭവിച്ചറിയാൻ അവസരമൊരുക്കുന്ന ലൈഫ്

എക്സ്പീരിയൻസ് ടെയിൽസ് കേരള പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കാമോ;

**(ബി)** പ്രസ്തുത പദ്ധതിയിലൂടെ കേരളത്തിന്റെ തനത് സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും ഗ്രാമീണ വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം പ്രദേശങ്ങളെയാണ് വിനോദസഞ്ചാര അനുഭവപാതകളായി വികസിപ്പിച്ചുവരുന്നത്; അവയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**(സി)** ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെയും യുവാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രാദേശിക സംരംഭകരുടെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

**(ഡി)** കേരളത്തിന്റെ തനത് ജീവിതരീതികളും പാരമ്പര്യവും അനുഭവിച്ചറിയാൻ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ ഈ പദ്ധതിക്ക് എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**(ഇ)** സംസ്ഥാനത്തിന്റെ കൂടുതൽ പ്രദേശങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനും ഗ്രാമീണ വിനോദസഞ്ചാരത്തെ ശക്തിപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**<u>പാട്ടത്തിന് നൽകുന്ന സർക്കാർ ഭൂമി</u>**

***259 ശ്രീ. സി. കെ. കാസിം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. ഫിറോസ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സർക്കാർ ഭൂമി വിവിധ ആവശ്യങ്ങൾക്കായി പാട്ടത്തിന് എടുത്ത സ്ഥാപനങ്ങൾ കൃത്യമായി പാട്ടത്തുക അടയ്ക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ;

**(ബി)** എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

**(സി)** സർക്കാരിന് ലഭിക്കേണ്ട പാട്ടക്കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ</u>**

***260** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. പി. പി. സുമോദ്**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ഹയർ സെക്കൻഡറി പ്രവേശന നടപടികൾ ഔദ്യോഗികമായി അവസാനിച്ചതിന് ശേഷം, നിലവിലുള്ള യാതൊരു അക്കാദമിക മാനദണ്ഡങ്ങളും പാലിക്കാതെ വകുപ്പ് ഡയറക്ടറുടെ പ്രത്യേക ഉത്തരവുകൾ വഴി വ്യാപകമായി പിൻവാതിൽ പ്രവേശനം നടക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** ഉയർന്ന മാർക്ക് ലഭിച്ചിട്ടും മുൻഗണനാ ക്രമത്തിൽ ഓപ്ഷൻ നൽകിയ അർഹരായ വിദ്യാർത്ഥികൾക്ക് സീറ്റ് നിഷേധിക്കപ്പെടുമ്പോൾ, ഇത്തരം സ്പെഷ്യൽ ഓർഡറുകൾ വഴി മികച്ച സ്കൂളുകളിൽ മാത്രം പ്രവേശനം നൽകുന്നത് മെറിറ്റ് അട്ടിമറിക്കപ്പെടുന്നതിന് സമാനമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(സി)** ഒരു ക്ലാസ്സിൽ പരമാവധി അനുവദനീയമായ കുട്ടികളുടെ പരിധിയും കടന്ന്, സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളോ അടിസ്ഥാന സൗകര്യങ്ങളോ പരിശോധിക്കാതെയാണ് അധികൃതർ ഇത്തരത്തിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതെന്നും ഇത് ക്ലാസ് മുറികളിലെ അധ്യയനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** ഇത്തരം പ്രത്യേക ഉത്തരവുകൾക്ക് പിന്നിൽ സാമ്പത്തിക താല്പര്യങ്ങളും കോഴ ഇടപാടുകളും നടക്കുന്നുണ്ടെന്നും ഇതിന് പിന്നിൽ ചില

സംഘടനകളുടെ ഇടപെടലുകൾ ഉണ്ടെന്നുമുള്ള മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ;

**(ഇ)** അർഹരായ വിദ്യാർത്ഥികളെ തഴഞ്ഞ് സാമ്പത്തിക-സംഘടനാ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം അനധികൃതമായി നടത്തിയതായി പറയപ്പെടുന്ന ഇത്തരം പ്രവേശന നടപടികൾ അടിയന്തരമായി റദ്ദാക്കുന്നതിനും ഇതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

**<u>പുതുക്കിയ ലാൻഡ് മാനേജ്മെന്റ് നയം</u>**

***261 ശ്രീ. കെ. രാജൻ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വ്യാവസായിക അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഭൂമിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിന് ലാൻഡ് മാനേജ്മെന്റ് നയം പരിഷ്കരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**(ബി)** ഇതിന്റെ ഭാഗമായി സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള ഭൂമി സ്വകാര്യമേഖലയ്ക്ക് കൈമാറുന്നതിന് സാധ്യതയുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**(സി)** വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള ഭൂമി സർക്കാർ ഉടമസ്ഥതയിൽ തന്നെ നിലനിർത്തിക്കൊണ്ട് വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി കൈമാറുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>പട്ടയ വിതരണം തുടരാൻ നടപടി</u>**

***262 ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. അപ്പു ജോൺ ജോസഫ്**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഏതൊക്കെ പദ്ധതികളാണ് സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ;

(സി) നൂറുദിന കർമ്മ പദ്ധതി പ്രകാരം എത്ര പട്ടയങ്ങൾ വിതരണം ചെയ്തു; ഇത് പദ്ധതിയുടെ പ്രഖ്യാപിച്ച ലക്ഷ്യത്തെക്കാൾ കൂടുതലാണോ; അറിയിക്കാമോ;

(ഡി) കാര്യക്ഷമമായ പട്ടയ വിതരണം ഇതേ നിലയിൽ തുടരുന്നതിനും കൂടുതൽ ജനവിഭാഗങ്ങളിലേക്കെത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>**സീമാറ്റിലെ നിയമനങ്ങൾ**</u>

*263 **ശ്രീ. ടി. എം. ശശി**

**ശ്രീ. വി. കെ. സനോജ്**

**ശ്രീ. കെ. യു. ജനീഷ് കുമാർ**

**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിങ്ങിൽ (സീമാറ്റ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യാതൊരുവിധ ഔദ്യോഗിക വിജ്ഞാപനങ്ങളുമില്ലാതെ പിൻവാതിൽ നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ റിസർച്ച് ഓഫീസർ തസ്തികയിൽ അടിസ്ഥാന യോഗ്യതയായ പി.എച്ച്.ഡി. ഇല്ലാത്ത ഉദ്യോഗാർത്ഥിയെ ഔദ്യോഗിക അഭിമുഖം പോലും നടത്താതെ ഉയർന്ന മാസശമ്പളത്തിൽ

കരാറടിസ്ഥാനത്തിൽ നിയമിച്ചതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(സി)** പ്രസ്തുത നിയമനം വിവാദമായതിനെത്തുടർന്ന് പ്രസ്തുത വ്യക്തി രാജി വെച്ചിട്ടുള്ളതായി അറിയാമോ; എങ്കിൽ ഇത്തരത്തിൽ അനധികൃതമായി ബയോഡാറ്റ മാത്രം വാങ്ങി നിയമനം നൽകാൻ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് അച്ചടക്ക നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(ഡി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ സമാനമായ രീതിയിൽ മറ്റ് അനവധി പേർക്ക് കൂടി സീമാറ്റിൽ അനധികൃത നിയമനം നൽകിയെന്ന് പറയപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ഇ)** യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നതിനായി അനധികൃത നിയമനങ്ങൾ പൂർണ്ണമായും റദ്ദാക്കാനും സുതാര്യമായ രീതിയിൽ നിയമനം നടത്താനും നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

**<u>മലബാർ മേഖലയിലെ ഹയർ സെക്കണ്ടറി സീറ്റ് ക്ഷാമം</u>**

***264** **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മലബാർ മേഖലയിലെ ഹയർ സെക്കണ്ടറി സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** പ്രസ്തുത വിഷയത്തിൽ ഇനി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**<u>തൊഴിൽ സാധ്യതയുള്ള പുതിയ കോഴ്സുകൾ</u>**

***265** **ശ്രീ. അബിൻ വർക്കി കോടിയാട്ട്**

**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം തൊഴിൽ സാധ്യതകൾക്ക് അനുയോജ്യമാക്കുന്നതിനായി പുതിയ കോഴ്സുകൾ ആരംഭിക്കാനും നിലവിലുള്ള കോഴ്സുകൾ പരിഷ്കരിക്കാനും ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

**(ബി)** സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ്, തൊഴിൽ പരിശീലനം, മത്സരപരീക്ഷാ പരിശീലനം എന്നിവ നൽകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**(സി)** വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസ പ്രവേശനത്തിന് ആവശ്യമായ മാർഗനിർദേശവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>വില്ലേജുകളിൽ പോക്കുവരവ് ഓട്ടോമേഷൻ നടപ്പിലാക്കൽ</u>**

***266 ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കി വിജ്ഞാപനം ചെയ്ത വില്ലേജുകളിൽ പോക്കുവരവ് നടപടികൾ വേഗത്തിലാക്കുന്നതിനായി 2026 നവംബർ 1 മുതൽ ഓട്ടോമേഷൻ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**(ബി)** പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിലൂടെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; എന്റെ ഭൂമി പോർട്ടൽ, റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സോഫ്റ്റ്‌വെയറുകൾ എന്നിവ പരസ്പരം ബന്ധിപ്പിച്ച് അപേക്ഷകളുടെ പരിശോധനയും പോക്കുവരവ്

പൂർത്തീകരണവും കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഓട്ടോമാറ്റിക് പോക്കുവരവിന് അർഹതയില്ലാത്ത ഭൂമി കൈമാറ്റങ്ങൾ, ഉടമസ്ഥാവകാശ തർക്കങ്ങളുള്ള കേസുകൾ എന്നിവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിലവിലുള്ള മാനുവൽ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പോക്കുവരവ് സംബന്ധിച്ച തീരുമാനങ്ങളിൽ പരാതിയുള്ളവർക്ക് ഓൺലൈനായി അപ്പീൽ സമർപ്പിക്കുന്നതിനും അപേക്ഷകളുടെ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിനും പൊതുജനങ്ങൾക്ക് സുതാര്യവും കാലതാമസരഹിതവുമായ സേവനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>നദികളിലെയും കായലുകളിലെയും കൈയേറ്റങ്ങൾ</u>**

***267 ശ്രീ. രാജൻ. ജെ. പല്ലൻ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളുടെയും കായലുകളുടെയും തീരങ്ങളിലും ജലാശയങ്ങളുടെ ഭാഗങ്ങളിലും അനധികൃത കൈയേറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൈയേറ്റങ്ങൾ തടയുന്നതിനും കൈയേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും ജലാശയങ്ങളുടെ സ്വാഭാവിക വിസ്തൃതി സംരക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കൈയേറ്റങ്ങൾ കണ്ടെത്തുന്നതിനായി സർവേയും പരിശോധനയും നടത്തിയിട്ടുണ്ടോ; കൈയേറ്റം കണ്ടെത്തിയ പ്രദേശങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നദികളുടെയും കായലുകളുടെയും സ്വാഭാവിക ഒഴുക്കിനെയും ജലസംഭരണശേഷിയെയും ബാധിക്കുന്ന തരത്തിലുള്ള കൈയേറ്റങ്ങളും അനധികൃത നികത്തലുകളും തടയുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

## വി.എച്ച്.എസ്.ഇ. കോഴ്സുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി

***268 ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ അദ്ധ്യയനം നടത്തുന്ന ഭൂരിഭാഗം കോഴ്സുകളും കാലഹരണപ്പെട്ടതും വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനോ തൊഴിൽ ലഭ്യതയ്ക്കോ പ്രയോജനപ്പെടാത്തതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** വി.എച്ച്.എസ്.ഇ. കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കാത്തതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**(സി)** വരുന്ന അദ്ധ്യയന വർഷം മുതൽ നിർമ്മിത ബുദ്ധി (AI), ഡേറ്റാ സയൻസ്, റോബോട്ടിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്, റിന്യൂവൽ എനർജി തുടങ്ങിയ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**(ഡി)** പ്രസ്തുത കോഴ്സുകളുടെ സിലബസ് പരിഷ്കരിക്കുന്നതിനും അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളുകളിൽ ഒരുക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## സ്മാർട്ട് ടൂറിസ്റ്റ് അമിനിറ്റി പദ്ധതി

***269 ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ, ശുചിത്വമുള്ള ശൗചാലയങ്ങൾ, കുടിവെള്ളം, വിശ്രമസൗകര്യങ്ങൾ, മറ്റ് ആധുനിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി സ്മാർട്ട് ടൂറിസ്റ്റ് അമിനിറ്റി പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

**(സി)** വിനോദസഞ്ചാരികൾക്ക് സുരക്ഷിതവും സുഗമവുമായ യാത്രാനുഭവം ഉറപ്പാക്കുന്നതിനും കേരളത്തെ ഉത്തരവാദിത്ത ടൂറിസത്തിന്റെയും പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരത്തിന്റെയും മാതൃകാ കേന്ദ്രമാക്കി മാറ്റുന്നതിനും പ്രസ്തുത പദ്ധതി സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പി.എം.ശ്രീ പദ്ധതി</u>**

***270** **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീമതി ഒ. എസ്. അംബിക**
**ശ്രീ. ജി. സ്റ്റീഫൻ**
**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പി.എം.ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ഭേദഗതി ഉണ്ടായാൽ അത് കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ പരസ്പര സമ്മതത്തോടെ മാത്രമേ നടപ്പിലാക്കാവൂ എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

**(ബി)** ദേശീയ പാഠ്യപദ്ധതി പി.എം.ശ്രീയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കേണ്ടിവരുമോ എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(സി)** പ്രസ്തുത പദ്ധതിയിലെ ധാരണാപത്രത്തിൽ നിന്ന് പിന്മാറാൻ ഉദ്ദേശിക്കുന്നതായി കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ;

**(ഡി)** പ്രസ്തുത പദ്ധതി നടപ്പാക്കാത്തതിന്റെ പേരിൽ കേന്ദ്രസർക്കാർ സമഗ്രശിക്ഷാ കേരളം ഉൾപ്പെടെയുള്ള പദ്ധതികളുടെ ഫണ്ട്

തടഞ്ഞുവയ്ക്കുന്നതിനെ പ്രതിരോധിക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 20, ചൊവ്വ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].